# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.433      29.10.2019-ൽ മറുപടിയ്ക്ക്

### നികുതി കുടിശ്ശിക പിരിച്ചെടുക്കൽ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക എത്രയായിരുന്നുവെന്നും ആയതിൽ എത്ര തുക നാളിതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്നും അറിയിക്കുമോ; നികുതി കുടിശ്ശിക ഇനത്തിൽ ഇനി എത്ര ശതമാനം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഉണ്ടായിരുന്ന നികുതി കുടിശ്ശിക 8909.60 കോടി രൂപയായിരുന്നു. അതിൽ പിരിച്ചെടുക്കാവുന്ന തുക (Collectable Amount) 1904.04 കോടി രൂപയാണ്. ഇതിൽ നാളിതുവരെയുള്ള കളക്ടബിൾ ഡിമാന്റ് ചേർത്ത് 692.77 കോടി രൂപ റവന്യൂ റിക്കവറി വഴി പിരിച്ചെടുത്തിട്ടുണ്ട്. റവന്യൂ വകുപ്പ് പ്രധാനമായും പിരിച്ചെടുക്കുന്നത് ലാൻഡ് റവന്യൂ നികുതി ഇനങ്ങളാണ്. ഇവ കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുകകൾ 1968 ലെ കേരളാ റവന്യൂ റിക്കവറി നിയമ പ്രകാരവും പിരിച്ചെടുത്തു വരുന്നു. ജി.എസ്.ടി നിലവിൽ വരുമ്പോൾ ലാൻഡ് റവന്യൂ ഇനത്തിൽ 313.03 കോടി രൂപയും, റവന്യൂ റിക്കവറി ഇനത്തിൽ 2793.72 കോടി രൂപയും കുടിശ്ശികയായിട്ടുണ്ടായിരുന്നു. 2017-18 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ ലാൻഡ് റവന്യൂ ഇനത്തിൽ 367.29 കോടി രൂപയും, റവന്യൂ റിക്കവറി ഇനത്തിൽ 863.36 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷമായ 2019-20 ൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും, നടപ്പ് വർഷത്തെ മുതലും കൂടി ഉൾപ്പെട്ടതിൽ 2019 സെപ്റ്റംബർ മാസം വരെയുള്ള കണക്കു പ്രകാരം ലാൻഡ് റവന്യൂ |

| | | | |
|---|---|---|---|
| . | | | ഇനത്തിൽ 496.57 കോടി രൂപയും, റവന്യൂ റിക്കവറി ഇനത്തിൽ 4226.01 കോടി രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ നികുതി കുടിശ്ശികയ്ക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം പ്രസ്തുത പദ്ധതിയിൽ ചേരുന്നവർക്ക് പലിശയും പിഴയും ഒഴിവാക്കുന്നതാണ്. കൂടാതെ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കുടിശ്ശിക പിരിക്കുന്നതിന് ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. |
| (സി) | നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് എന്നത്തേക്കു പൂർത്തിയാക്കുമെന്നും വിശദമാക്കുമോ? | (സി) | നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.<br>3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ മന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.<br>4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>5. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്. |

സെക്ഷൻ ഓഫീസർ